ND.PL. 01/15 dt. 01.02.15

**ഇടയലേഖനം**

**സമർപ്പിത വർഷം ഇടവകതല ഉത്ഘാടനം**

**നെയ്യാറ്റിൻകര രൂപത: 08.02.2015, ഞായർ**

വന്ദ്യ വൈദീകരേ, സന്ന്യസ്തരേ, പ്രിയസഹോദരീസഹോദരന്മാരേ,

കത്തോലിക്കാസഭ സാർവത്രികമായി 2014 നവംബർ 30 മുതൽ 2016 ഫെബ്രുവരി 02 വരെ സമർപ്പിതരുടെ വർഷമായി ആഘോഷിക്കുകയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ച സന്ന്യാസജീവിതത്തെക്കുറിച്ചുള്ള ഡിക്രിയുടെയും സഭയെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷന്റെയും 50 -ാം വർഷത്തിന്റെ പശ്ചാത്തലത്തിലാണ് ഫ്രാൻസീസ് മാർപാപ്പാ സമർപ്പിതരുടെ വർഷം പ്രഖ്യാപിച്ചിട്ടുള്ളത്. സമർപ്പിതരുടെ വർഷം പ്രധാനമായും ഊന്നൽ നല്കുന്നത് മൂന്നു കാര്യങ്ങൾക്കാണ്.

ഒന്ന്, സമർപ്പണജീവിതമാകുന്ന വലിയ ദാനത്തിന് സഭയൊന്നാകെ ദൈവത്തിന് നന്ദി പറയുകയും അവുടുത്തെ സ്തുതിക്കുകയും ചെയ്യുക.

രണ്ട്, മുഴുവൻ ദൈവജനത്തിനിടയിലും സമർപ്പിതജീവിതത്തെക്കുറിച്ച് അറിവും മതിപ്പും വളർത്തുക. ക്രിസ്തുവിനെ അനുഗമിക്കുന്നതിന്റെയും അവിടുന്നിൽ എളിയ സഹോദരരെ സ്നേഹിക്കുന്നതിന്റെയും സന്തോഷമാണ് ഈ വർഷത്തിൽ ആളുകൾക്കു സമർപ്പിതരിൽ കണ്ടെത്താൻ കഴിയേണ്ടത്. ക്രിസ്തുവിനോടും ക്രിസ്തുവിൽ മനുഷ്യകുടുംബത്തിലെ ഓരൊ അംഗത്തോടും ഉള്ള സ്നേഹം മൂലം നടത്തുന്ന മൗലികമായ ആത്മദാനമാണ് സമർപ്പിതജീവിതമെന്ന കാര്യം വെളിവാക്കപ്പെടണം.

മൂന്ന്, കൂടുതൽ പ്രകാശിതമായ വിശ്വാസത്താൽ തങ്ങളുടെ ജീവിതവഴിയിൽ ആത്മാവ് വർഷിച്ച ദൈവികദാനങ്ങൾ വ്യത്യസ്ത സമർപ്പിത സമൂഹങ്ങൾ ഒന്നിച്ചു കണ്ടെത്താൻ ശ്രമിക്കേണ്ട വർഷമാണിത്. സഭയിൽ സമർപ്പിതർക്കുള്ള പകരം വയ്ക്കാനാവാത്ത ദൗത്യത്തിന്റെ സുവ്യക്തമായ ആത്മാവബോധവും നേടണം. തിരുസ്സഭയുടെ പൊതുനന്മയ്ക്കായി സഹകരിച്ചു പ്രവർത്തിക്കാൻ അതവരെ സഹായിക്കും. ഓരോ സന്ന്യാസ സമൂഹവും അതതിനു പ്രത്യേകതയുള്ള ദൗത്യം വിശ്വസ്തതയോടെ നിർവഹിക്കുമ്പോൾ സഭയുടെ മുഴുവന്റെയും അതാതു രൂപതയുടെയും പ്രയോജനം മുൻനിറുത്തി സ്ഥകാലങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് തങ്ങളുടെ പ്രവർത്തനങ്ങൾ പുനസ്സംവിധാനം ചെയ്യാനും ഇടയാക്കും. തങ്ങളുടെ സന്ന്യാസ സമൂഹത്തിന്റെ സിദ്ധികൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതുവഴി സമർപ്പിതർക്ക് തങ്ങളുടെ ശുശ്രൂഷകളെക്കുറിച്ച് ആഴമാർന്ന ബോധ്യവും ഉണ്ടാകും. കൊടുക്കുമ്പോൾ കൂടുതൽ ലഭിക്കുമെന്നതാണല്ലോ സത്യം.

സഭയുടെ ചരിത്രത്തിൽ സമർപ്പിതസമൂഹയങ്ങൾ എന്നും ഒരു പ്രവാചകദൗത്യം നിറവേറ്റിയിട്ടുണ്ട്. പ്രവാചകൻ മുഖ്യമായും വർത്തമാനകാലത്തിലും സാഹചര്യങ്ങളിലും ദൈവേഷ്ടം അറിയിക്കുന്നവനാണ്. സഭയിലും സമൂഹത്തിലും ജനങ്ങളുടെ യഥാർത്ഥ ആവശ്യങ്ങളും പ്രതീക്ഷകളും മനസ്സിലാക്കി പ്രത്യുത്തരം നല്കാനാണ് സമർപ്പിത സമൂഹങ്ങൾ സ്ഥാപിതമായത്.

19-ാം നൂറ്റാണ്ടിൽ അനേകം സമർപ്പിതസമൂഹങ്ങൾ കാലഘട്ടത്തിന്റെ ആവശ്യങ്ങളോട് പ്രത്യുത്തരിക്കാൻ ജന്മമെടുത്തു. ദൈവത്തിൽ നിന്നുവരുന്ന ഒരു വിളിക്കുള്ള പ്രവാചകപ്രത്യുത്തരമാണ് ഇവിടെയെല്ലാം നാം കാണുന്നത്; ഒരു പ്രത്യേക സമയത്ത്

ദൈവേഷ്ടം പ്രായോഗികമാക്കാനുള്ള ശ്രമം. കർത്താവിനോടും സഭയോടും തങ്ങളുടെ സമർപ്പിതസമൂഹത്തിന്റെ സിദ്ധിയോടും ഇന്നത്തെ ജനങ്ങളോടും സമൂഹത്തോടുമുള്ള വിശ്വസ്തതയും പ്രതിജ്ഞാബദ്ധതയും നവീകരിക്കുക എന്നത് നിരന്തരം തുടരേണ്ട ഒരു പ്രക്രിയയാണ്. സ്വന്തം ശക്തിയോ കഴിവോ കൊണ്ടല്ല, മറിച്ച്, കർത്താവിലുള്ള വിശ്വാസവും ആശ്രയവും കൊണ്ട് എല്ലാം നവീകരിക്കാൻ കഴിയുമെന്ന വലിയ പ്രതീക്ഷ ഉണ്ടാകണം. ഫ്രാൻസീസ് പാപ്പാ പറയുന്നതുപോലെ ആർക്കും കവർന്നെടുക്കാൻ കഴിയാത്ത പ്രതീക്ഷ (സുവിശേഷത്തിന്റെ സന്തോഷം, 86) യുടെ പ്രതീകമായി സമർപ്പിതർ മാറണം.

ക്രിസ്തുവിനോടുള്ള വലിയ സ്നേഹവും യഥാർത്ഥ സൗഹൃദവും ആഴമാർന്ന സംസർഗവും വളർത്തിക്കൊണ്ട് വലിയ പ്രത്യാശ ഇന്ന് ലോകത്തിൽ ഉദ്ദീപിപ്പിക്കാനാണ് സമർപ്പിതർ ശ്രദ്ധിക്കുന്നത്. അതു തന്നെയാണല്ലോ സമർപ്പിതജീവിതത്തിന്റെ കാതൽ. സുവിശേഷോപദേശങ്ങൾ ഗൗരവപൂർവം സ്വീകരിച്ചുകൊണ്ട് സമർപ്പിതർ ദരിദ്രനും നിർമ്മലനും അനുസരണയുള്ളവനുമായ ക്രിസ്തുവിനെ കൂടുതൽ അടുത്ത് അനുകരിക്കുമ്പോൾ അതു സംഭവിക്കും. ആത്മപരിത്യാഗം, ഹൃദയാനുതാപം, ആന്തരികസമാധാനമന്വേഷിക്കൽ, ദിവ്യകാരുണ്യ കേന്ദ്രീകൃതജീവിതം, നിരന്തരമായ പ്രാർത്ഥന, ദൈവവചനധ്യാനം, ഉപവാസം, ജാഗരണം, നിശബ്ദത, പെസഹാപരമായ സന്തോഷം എന്നിവ ജീവിതശൈലിയാക്കിയാൽ ഇന്നത്തെ ലോകത്തിന സമർപ്പിതർ വെളിച്ചം പകരും.

ഈ കാലഘട്ടത്തിൽ സഭ പ്രത്യേകവിധമായി കുടുംബത്തെക്കുറിച്ച് ചിന്തിക്കുന്നു. കുടുംബങ്ങൾ അനേകം വെല്ലുവിളികൾ നേരിടുന്ന ഇന്ന് കുടുംബത്തെക്കുറിച്ചുള്ള ദൈവികപദ്ധതി ജീവിക്കാൻ കുടുംബങ്ങളെ സഹായിക്കാൻ സമർപ്പിതർ മുന്നോട്ടുവരണം. കുടുംബബന്ധങ്ങൾ, വിവാഹത്തകർച്ച, മിശ്രവിവാഹങ്ങൾ, ജനനനിയന്ത്രണം, മദ്യം-മയക്കുമരുന്ന് ഉപയോഗം എന്നിവയ്ക്കെതിരെ സമർപ്പിതർ നിലകൊള്ളുന്നു. കുടുംബം സ്നേഹിക്കുന്ന വ്യക്തികളുടെ കൂട്ടായ്മയും ജീവന്റെ ശുശ്രൂഷാവേദിയും സമൂഹത്തിന്റെ പുരോഗതിക്കായി പ്രവർത്തിക്കുന്ന അടിസ്ഥാനഘടകവും ഗാർഹികസഭയുമാക്കാനാണ് സമർപ്പിതർ പ്രതിജ്ഞാബദ്ധരായിരിക്കുന്നത്.

സമർപ്പിതരുടെ ഈ വർഷം സമർപ്പിതജീവിതം കൂടുതൽ ആഴമായി മനസ്സിലാക്കാൻ സഹായിക്കും. സന്ന്യാസ സഭയിലെ വിവിധ സിദ്ധികളും ജീവിതാവസ്ഥകളും ക്രിസ്തുവിന്റെ ശരീരത്തെ പടുത്തുയർത്താനും സഭയ്ക്ക് ലോകത്തിലുള്ള ദൗത്യം നിർവഹിക്കാനുമായി പരിശുദ്ധാത്മാവ് നല്കുന്ന ദാനമാണെന്ന ബോധ്യത്തോടെ പ്രവർത്തിക്കുന്നതിനും ഇടയാകും. സമർപ്പിതരായ സ്ത്രീപുരുഷന്മാർ സഭയോടും അവളുടെ പ്രബോധനാധികാരത്തോടും ഉള്ള സമ്പൂർണഐക്യത്തിൽ നമ്മുടെ കാലഘട്ടത്തിലെ പുതിയ വെല്ലുവിളികളെ ആധ്യാത്മികവും അപ്പസ്തോലികവുമായ രീതിയിൽ നേരിടാൻ തയ്യാറാകും. ഏറ്റവും വലിയ സമർപ്പിതയായ പരിശുദ്ധ കന്യകാമറിയത്തെ അനുകരിച്ചുകൊണ്ട് സമർപ്പിത വർഷം ആചരിക്കാനും ആധ്യാത്മികവും അപ്പസ്തോലികവുമായ നവീകരണം സമർപ്പിതസമൂഹങ്ങൾക്ക് ഉണ്ടാകാനും ഇടയാകട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം. സമർപ്പിതരുടെജീവിതം തിരുസഭയ്ക്കും സകലജനത്തിനും നന്മയ്ക്കും പുരോഗതിക്കും സഹായകമാകട്ടെ. അതിന കർത്താവ് അനുഗ്രഹിക്കട്ടെ!

സ്നേഹാശംസകളോടെ,

നെയ്യാറ്റിൻകര
01.02.2015

റൈറ്റ് റവ.ഡോ.വിൻസന്റ് സാമുവൽ
നെയ്യാറ്റിൻകര രൂപതാമെത്രാൻ

N.B. 1. ഈ ഇടയലേഖനം 2015 ഫെബ്രുവരി 8 ഞായർ ദിവ്യബലി മദ്ധ്യേ വായിച്ചു വിശദീകരിച്ച് സമർപ്പിതവർഷം തിരിതെളിച്ച് ഉത്ഘാടനം ചെയ്യണം.

2. 2015 ഫെബ്രുവരി 8-ാം തീയതിയുള്ള ദിവ്യബലിക്കുള്ള സമിതിപ്രാർത്ഥന, നൈവേദ്യപ്രാർത്ഥന, ദിവ്യഭോജനപ്രാർത്ഥന എന്നിവ ദിവ്യപൂജാഗ്രന്ഥത്തിൽ സന്ന്യസ്തർ നമ്പർ - 10, പേജ് - 728 എടുക്കേണ്ടതാണ്.